Phone: 0 487 2980339
E mail:crsmadakkathara@kau.in

# കേരള കാർഷിക സർവ്വകലാശാല
## കശുമാവ് ഗവേഷണകേന്ദ്രം,മാടക്കത്തറ

സി. ആർ.എം(അക്കൗ)/2655/2022 തിയ്യതി, 05/12/2022

## പുനർ ക്വട്ടേഷൻ നോട്ടീസ്

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ എ.ഐ.സി.ആർ.പി. യുടെ സഹായത്തോടെ നടത്തുന്ന പരീക്ഷണങ്ങളിലേക്കും, നഴ്സറി/ ഫാം ആവശ്യത്തിനായുള്ള ഗുണനിലവാരമുള്ള, മണ്ണോ മറ്റ് മാലിന്യങ്ങളോ കലരാത്ത പച്ചചാണകം ഫാമിൽ നിർദ്ദേശിച്ച സ്ഥലത്ത് ഇറക്കിതരുന്നതിനായി ഒരു വർഷത്തേക്ക് നൽകുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

### നിബന്ധനകൾ

വണ്ടി വാടകയും, കയറ്റിറക്കു കൂലിയും മറ്റെല്ലാ ചെലവുകളും ഉൾപ്പെടെ ഈ ഫാമിൽ ഒരു ടൺ ചാണകം എത്തിക്കുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

ഓരോ ലോഡും വേയ്ബ്രിഡ്ജിൽ തൂക്കമെടുത്ത് രസീത് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

- മുദ്ര വച്ച ക്വട്ടേഷനുകൾ 14/12/2022 തിയ്യതിയിൽ രാവിലെ 11 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി മുൻപാകെ സമർപ്പിക്കേണ്ടതാണ്. അന്നേദിവസം രാവിലെ 11.30 മണിക്ക് തത്സമയം സന്നിഹിതരായ കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്.
- ഓർഡർ നൽകുന്നതനുസരിച്ച് കൃത്യമായ അളവിൽ ഗുണമേന്മയുള്ള ചാണകം നൽകേണ്ടതാണ്.
- ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിശ്ചിത സമയത്തിനും സ്ഥലത്തും ഹാജരായി നിരതദ്രവ്യമായി 1000/-രൂപ (ആയിരം രൂപ മാത്രം) രാവിലെ 11 മണിക്ക് മുൻപായി അടക്കേണ്ടതാണ്.
- ക്വട്ടേഷൻ ലഭിച്ചവർ 20/12/2022 തീയതിയിൽ രാവിലെ 11.00 മണിക്ക് മുൻപായി 5000/- രൂപ (അയ്യായിരം രൂപ മാത്രം) സെക്യൂരിറ്റി നിക്ഷേപമായി ഓഫീസിൽ അടയ്ക്കുകയും അന്നേ ദിവസംതന്നെ ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചാണകം എത്തിച്ചു നൽകാമെന്ന് 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി സമർപ്പിക്കേണ്ടതുമാണ്. സെക്യൂരിറ്റി നിക്ഷേപം ഡിമാൻന്റ് ഡ്രാഫ്റ്റ്/ ചെക്ക്/ പണമായോ മാത്രം ഓഫീസിൽ അടച്ച് രശീത് കൈപറ്റേണ്ടതാണ്. ക്വട്ടേഷൻ കാലാവധി കഴിയുമ്പോൾ യാതൊരു നഷ്ടവും ഗവേഷണകേന്ദ്രത്തിന് സംഭവിച്ചിട്ടില്ല എന്ന് ഫാമിൽ നിന്നും ഉദ്യോഗസ്ഥർ സാക്ഷ്യപ്പടുത്തിയ താങ്കളുടെ സമർപ്പണവും അതോടൊപ്പം മേൽ കൈപറ്റിയ രസീതും തരുന്ന മുറയ്ക്ക് സെക്യൂരിറ്റി നിക്ഷേപവും , നിരതദ്രവ്യവും തിരികെ നൽകുന്നതായിരിക്കും.
- സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
- ക്വട്ടേഷനുകൾ പ്രത്യേക കാരണം കൂടാതെ നിരസിക്കാനുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ്-ഇൻ-ചാർജ്ജ്

Assistant Professor & Head I/c
Cashew Research Station
Kerala Agricultural University
Madakkathara P. O., Thrissur-680 651

പകർപ്പ്

1. നോട്ടീസ്ബോർഡ്
2. വെബ് സൈറ്റ്

CASHEW RESEARCH STATION
MADAKKATHARA
PIN 680 651
KERALA AGRICULTURAL UNIVERSITY